**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 412** **01-11-2021 - ൽ മറുപടിയ്ക്ക്**

**മ്യൂസിയങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri Ahammad Devarkovil**<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ ടൂറിസം സാധ്യതകൾ മുന്നിൽക്കണ്ട് കൂടുതൽ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ മുന്നിൽക്കണ്ട് കൂടുതൽ പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ കേരള പൈതൃകവുമായി ബന്ധപ്പെട്ട് തെയ്യം മ്യൂസിയം, കൈത്തറി മ്യൂസിയം, എ.കെ.ജി സ്മൃതി മ്യൂസിയം എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ചിലതാണ് പുരാവസ്തു വകുപ്പ് മ്യൂസിയങ്ങളായി സജ്ജീകരിച്ചിട്ടുള്ളത്. ഇത് കൂടാതെ ഓരോ ജില്ലയുടേയും തനതായ പൈതൃകം കാത്തു സൂക്ഷിച്ച് വരും തലമുറയ്ക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ഓരോ ജില്ലയിലും ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ ചുമതല ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിച്ച് സന്ദർശകർക്ക് തുറന്നു കൊടുത്തിട്ടുള്ളതാണ്. ഇതു കൂടാതെ പുരാവസ്തു വകുപ്പ് മുൻകൈയ്യെടുത്ത് പയ്യന്നൂരിൽ ഒരു ഗാന്ധി സ്മൃതി മ്യൂസിയവും സജ്ജീകരിച്ച് സന്ദർശകർക്ക് തുറന്നു നൽകിയിട്ടുണ്ട്. കണ്ടോന്താർ ട്രാൻസിറ്റ് ജയിലിനോട് ചേർന്ന് ഒരു പ്രാദേശിക ചരിത്ര മ്യൂസിയവും സജ്ജീകരിച്ചിട്ടുണ്ട്. മലപ്പുറം, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ ചെമ്പൻ തൊട്ടിയിൽ കുടിയേറ്റ മ്യൂസിയം സ്ഥാപിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരാവസ്തു |

| | | | |
|---|---|---|---|
| | | | വകുപ്പിന് കീഴിൽ പുരോഗമിക്കുകയാണ്. കൂടാതെ കേരളത്തിന്റെ പുരാതനവും സമ്പന്നവുമായ സംസ്കൃതിയുടെ അടയാളങ്ങളെ മൺമറയാതെ ഭാവിതലമുറയ്ക്കായി കാത്തു സൂക്ഷിക്കുന്നതിന് 'കേരള സംസ്കാര മ്യൂസിയം' എന്ന പദ്ധതി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചു വരുന്നു. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളേയും നിലവിലുള്ള മ്യൂസിയങ്ങളേയും കോർത്തിണക്കി ഒരു മ്യൂസിയം ശൃംഖല സ്ഥാപിക്കുകയെന്നതും പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നു. ടൂറിസം വകുപ്പിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1. ഡിജിറ്റൽ മ്യൂസിയം, കനകക്കുന്ന് 2. തിരുവനന്തപുരം ശ്രീനാരായണ ഗുരുകുലത്തിൽ ഡിജിറ്റൽ മ്യൂസിയം. 3. പൊന്നാനി ചമ്രവട്ടം നിള ഹെറിറ്റേജ് മ്യൂസിയം 4. ഇൻസ്റ്റലേഷൻ ഓഫ് ഫ്ലൈറ്റ് സിമുലേറ്റർ മ്യൂസിയം ഇതുകൂടാതെ മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 10 മ്യൂസിയങ്ങളും ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 7 മ്യൂസിയങ്ങളും തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ 7 മ്യൂസിയങ്ങളും നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിലുള്ള മ്യൂസിയങ്ങളുടെ നവീകരണം അടിയന്തരമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയത്തിൽ 12.73 കോടി രൂപയുടെ നവീകരണ പദ്ധതി ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നു. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തിന്റെ പുന:സ്സജ്ജീകരണ പ്രവർത്തനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പൂർത്തിയായി കഴിഞ്ഞു. എറണാകുളം, തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയത്തിന്റെ ഒന്നാം ഘട്ട നവീകരണ പ്രവർത്തനവും പൂർത്തിയാക്കി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ പുന:സ്സജ്ജീകരണ പ്രവൃത്തി നിലവിൽ നടന്നു വരികയാണ്. തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയത്തിന്റെ നവീകരണ സജ്ജീകരണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.പത്മനാഭപുരം കൊട്ടാരത്തിൽ നിലവിലുള്ള മ്യൂസിയത്തിന്റെ നവീകരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിൽ മ്യൂസിയം നിർമ്മിതിയ്ക്കായി വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സ്റ്റോറിബോർഡ് കമ്മിറ്റിയും മ്യൂസിയം സാങ്കേതിക വിദ്യയിൽ വിദഗ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മ്യൂസിയം കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന നിലവിലുള്ള 5 മ്യൂസിയങ്ങളുടെ നവീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടന്നു വരികയാണ്. തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ആധുനിക രീതിയിലുള്ള ശീതീകരണ സംവിധാനം, ടച്ച് കിയോസ്കുകൾ, അന്യം നിന്നുപോയതും വംശനാശം നേരിടുന്നതുമായ ജീവികളുടെയും വസ്തുക്കളുടെയും നേർക്കാഴ്ച വിളിച്ചോതുന്ന ത്രിമാന രൂപങ്ങൾ പ്രദർശിപ്പിച്ച കൊണ്ടുള്ള Extinct Speicies Gallery, പുതിയ ജിയോളജിക്കൽ ഗ്യാലറിയും ഇക്കണോമിക് ബോട്ടണി ഗ്യാലറിയും സ്ഥാപിച്ചു. ഭിന്നശേഷി സന്ദർശകരുടെ സൗകര്യാർത്ഥം സ്റ്റെയർ ലിഫ്റ്റ് സ്ഥാപിച്ചു. കൂടാതെ പക്ഷി ശാസ്ത്രത്തിലും ഉരഗ, ഉഭയ ജീവി വിഭാഗത്തിലുമുള്ള ഗവേഷകർക്കായി ഫെർഗുസൺ റെപ്പോസിറ്ററി നവീകരണം പൂർത്തീകരിച്ചു. തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറിക്കു സമീപം ലോക പ്രശസ്ത ചിത്രകാരനായ രാജാ രവിവർമ്മയുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പുതിയ ആർട്ട് ഗ്യാലറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 7.96 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മ്യൂസിയം സജ്ജീകരണം കേരളം ചരിത്ര പൈതൃക മ്യൂസിയം എന്ന നോഡൽ ഏജൻസി വഴിയാണ് നിർവ്വഹിക്കുന്നത്. ആധുനിക കാലഘട്ടത്തിന്റെ സങ്കൽപ്പത്തിനും മാറ്റത്തിനും അനുസരിച്ചുള്ള ഈ ബൃഹത് പദ്ധതി ഭിന്നശേഷി സൗഹൃദം കൂടി ആയിരിക്കും. തൃശ്ശൂർ മൃഗശാലയിലെ ആർട്ട് മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം പൂർത്തിയാക്കി. ശ്രീചിത്രാ എൻക്ലേവ് കെട്ടിടത്തിന്റെ ഒന്നാംഘട്ടമായുള്ള മേൽക്കൂരയുടെ നവീകരണ പ്രവർത്തികൾ 67 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായുള്ള നവീകരണ പ്രവർത്തികൾ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ